# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആരക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഇ.കെ.എം(പി.8)/1785/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 27/12/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.8)/1785/24 തീയ്യതി: 27/12/2024

## എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിനി എം വി | ജോയിന്റ് ഡയറക്ടർ | 05-12-2024 | 13-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2024 | 13-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജീവ് എൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
സൗരഥ് സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജാൻസി മാത്യൂ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| നവാസ് എസ് | സെക്രട്ടറി | 01-04-2023 | 25-10-2023 |
| മത്തായിക്കുഞ്ഞ് ടി ഒ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2023 | 19-11-2023 |
| നവാസ് എസ് | സെക്രട്ടറി | 20-11-2023 | 16-03-2024 |
| ബിജുകുമാർ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മത്തായിക്കുഞ്ഞ് ടി ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-01-2024 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2024 | 10-03-2024 |
| ബിജുകുമാർ ജി | അസിസ്റ്റന്റ് സെക്രട്ടറി | 11-03-2024 | 31-03-2024 |
| വിനോജ്കുമാർ പി എം | അസി. എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| സന്തോഷ് സി ഡി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഷക്കീല ടി എം | ഹെഡ്മിസ്ട്രസ്, ജി.യു..പി.എസ് പണ്ടപ്പിള്ളി | 01-04-2023 | 31-05-2023 |
| ജിജി കെ ടി | ഹെഡ്മിസ്ട്രസ്, ജി.യു..പി.എസ് പണ്ടപ്പിള്ളി | 01-06-2023 | 31-03-2024 |
| ആതിര ചന്ദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 02-08-2023 |
| എലിസബത്ത് സി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-08-2023 | 31-03-2024 |
| ആൻസി മറിയം പോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ജോർജ് കെ എ | മെഡിക്കൽ ഓഫീസർ സിഎച്ച്സി പണ്ടപ്പിള്ളി | 01-04-2023 | 18-06-2023 |
| ചാക്കോ കെ സി | മെഡിക്കൽ ഓഫീസർ സിഎച്ച്സി പണ്ടപ്പിള്ളി | 19-06-2023 | 31-03-2024 |
| ജയറാണി പി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഇന്ദുമോൾ ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 11-07-2023 |
| വിഭ റോസ്മി ജോൺ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 12-07-2023 | 31-03-2024 |
| ആര്യ അൽഫോൺസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| നീന ബി | വി ഇ ഒ മുവാറ്റുപുഴ | 01-04-2023 | 12-09-2023 |
| അരുൺ ആർ നായർ | വി ഇ ഒ മുവാറ്റുപുഴ | 13-09-2023 | 31-03-2024 |
| രേവതി വേണു | വി ഇ ഒ ആരക്കുഴ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വികസനഫണ്ട് - പൊതുവിഭാഗത്തിന്റെ ചെവ് പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വാടക എഴുതിത്തള്ളിയതിന് ആധീകാരീക രേഖകളില്ല | 1-1-5 |
| 7 | ഓഡിറ്റ് റിക്കവറി തുക കൃത്യമായി അക്കൗണ്ട് ചെയ്യില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ | 1-10 |
| 17 | ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൺവെൻഷൻ സെന്ററിന് വസ്തുനികുതി ഈടാക്കുന്നില്ല. | 1-11 |
| 18 | വാടക വരവ് - ആധികാരികമല്ലാതെ ജേർണൽ കറക്ഷൻ എൻട്രികൾ നടത്തുന്നു | 1-12 |
| 19 | വസ്തുനികുതി- ബുക്ക് അഡ്ജസ്റ്റ്മന്റ് നടത്തിയിട്ടുള്ളതിന്റെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-13 |
| 20 | ഞങ്ങളും കൃഷിയിലേക്ക് - വനിതകൾക്ക് അടുക്കളത്തോട്ടം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-14 |
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 22 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രോഗ്രാം ലാപ്ടോപ്പ് വാങ്ങൽ- അപാകത | 1-16 |
| 23 | പഞ്ചായത്തിൽ നടപ്പിലാക്കിയ വാർഡ് ശുചീകരണ പ്രവർത്തനങ്ങളുടെ ധനവിനിയോഗ അപാകതകൾ | 1-17 |
| 24 | മാറാടി പെരിങ്ങഴ റോഡിൽ ഡ്രൈനേജ് നിർമ്മാണം-അധിക തുക നൽകി | 1-18 |
| 25 | മൃഗാശുപത്രി മെയിന്റനൻസ്-അധിക തുക നൽകി | 1-19 |
| 26 | സമഗ്രശിക്ഷ കേരള വിഹിതം നൽകൽ - വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല | 1-20 |
| 27 | ഭിന്നശേഷി സ്കോളർഷിപ്പ് തുക - ഗുണഭോക്താവിന് ലഭ്യമായില്ല | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മാറാടി പെരിങ്ങഴ റോഡിൽ ഡ്രൈനേജ് നിർമ്മാണം-അധിക തുക 59110/-നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **26.07.2024** ലെ **1(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **29.07.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആരക്കുഴ ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആരക്കുഴ ഗ്രാമ**പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : കാക്കനാട്**
**തീയതി: 27/12/2024**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-2 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപ കൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

## 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ- വാർഷിക ധനകാര്യപത്രികയിലെ തുകകളും സഞ്ചയ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 വികസനഫണ്ട് - പൊതുവിഭാഗത്തിന്റെ ചെവ് പൊരുത്തപ്പെടുന്നില്ല

വികസനഫണ്ട് - പൊതുവിഭാഗത്തിന്റെ സുലേഖ പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള ചെലവും തമ്മിൽ ₹9,900/- ന്റെ വ്യത്യാസം കാണുന്നു.

## 1-1-5 വാടക എഴുതിത്തള്ളിയതിന് ആധീകാരീക രേഖകളില്ല

2022-23 ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂളിൽ കുടിശ്ശികയായി ₹4,400/- രേഖപ്പെടുത്തിയിരിക്കുന്നു. തൻവർഷം ജേർണൽ വൗച്ചർ അഡ്ജസ്റ്റ്മന്റിലൂടെ(വൗച്ചർ നമ്പർ 42301080/തീയതി 31.03.2024) കുടിശ്ശിക തുക റൈറ്റ് ഓഫ് ചെയ്തിട്ടുള്ളതായി കാണുന്നു. ആയതിന്റെ ആധികാരിക രേഖകളില്ല.

## 1-1-6 ഓഡിറ്റ് റിക്കവറി തുക കൃത്യമായി അക്കൗണ്ട് ചെയ്തില്ല

ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക മുൻവർഷങ്ങളിലെ വരവായി കണക്കാക്കി ബന്ധപ്പെട്ട പ്രയർ പിരീഡ് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം തൻവർഷത്തെ വരവായിട്ടാണ് അക്കൗണ്ട് ചെയ്തത്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 02.02.2023 ലെ 1(1)-ാം നമ്പർ പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് 08.03.2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 02.02.2024 ലെ 1(1)-ാം നമ്പർ പ്രകാരം പരിഷ്കരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി 09.02.2024 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

| | ജനറൽ ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹58,72,088 | ₹68,55,515 |
| വരവ് | ₹8,12,37,833 | ₹13,39,22,154 |
| ആകെ | ₹8,71,09,921 | **₹14,07,77,669** |
| ചെലവ് | ₹8,02,54,406 | ₹13,67,90,154 |
| നീക്കിയിരുപ്പ് | ₹68,55,515 | ₹39,87,515 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,33,05,959.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,27,71,142.00 |
| ആകെ | : | **₹4,60,77,101.00** |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹2,89,45,674.00 |
| നീക്കിയിരുപ്പ് | : | ₹1,71,31,427.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | ബാങ്ക് നീക്കിയിരുപ്പ്(₹) | ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,04,89,050 | 1,04,89,050 | 97,40,272 | - | 7,48,778 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 20,01,000 | 20,01,000 | 14,14,660 | - | 5,86,340 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 60,94,650 | 60,94,650 | 6,91,898 | - | 54,02,752 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 16,80,600 | 16,80,600 | 16,72,866 | - | 7,734 |
| സി.എഫ്.സി – ബേസിക്ക് | 1,70,219 | 18,34,787 | 20,05,006 | 10,66,159 | 9,38,847 | - |
| സി.എഫ്.സി –ടൈഡ് | 19,46,673 | 13,16,000 | 32,62,673 | 31,40,400 | 1,22,273 | - |
| ലൈഫ് സ്റ്റേറ്റ് ഷെയർ (320100160) | 0 | 46,00,000 | 46,00,000 | 10,25,000 | 35,75,000 | - |
| പശ്ചിമഘട്ട വികസന പദ്ധതി (320100186) | 1,07,723 | 4,352 | 1,12,075 | 0 | 1,12,075 | - |
| ഐ.സി.ഡി.എസ്. (320100196) | 5,65,662 | 10,00,555 | 15,66,217 | 4,50,854 | 11,15,363 | - |
| ബഡ്സ് സ്കൂൾ ഗ്രാന്റ് (320300199) | 12,51,500 | 0 | 12,51,500 | 0 | 12,51,500 | - |
| ശുചിത്വമിഷൻ ഗ്രാന്റ് (320100198) | 10,12,617 | 1,688 | 10,14,305 | 0 | 10,14,305 | - |
| നിർമ്മൽ പുരസ്ക്കാരം –ജില്ലാതലം (320100191) | 1,26,999 | 0 | 1,26,999 | 0 | 1,26,999 | - |
| ഹെൽത്ത് ഡയഗ്നോസ്റ്റിക് ഗ്രാന്റ് (320100202) | 2,68,959 | 7,20,777 | 9,89,736 | 2,65,780 | 7,23,956 | - |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ് (320100204) | 1,36,923 | 3,16,432 | 4,53,355 | 1,33,864 | 3,19,491 | - |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഗ്രാന്റ് (320200304) | 48,363 | 0 | 48,363 | 0 | 48,363 | - |

| | | | | | | |
|---|---|---|---|---|---|---|
| ഡിസാസ്ട്രസ് മാനേജ്മെന്റ് ഗ്രാന്റ് (320200399) | 5,24,644 | 1,00,000 | 6,24,644 | 4,37,995 | 1,86,649 | - |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 137 | ₹6,03,06,001 | ₹2,86,59,896 | 67 | 19 | 51 | 48.90 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | ₹9,598 | ₹9,598 | 0 | ₹9,598 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹1,10,56,310 | ₹1,10,56,310 | ₹1,10,56,310 | 0 |
| ആകെ | 0 | ₹1,10,65,908 | ₹1,10,65,908 | ₹1,10,56,310 | ₹9,598 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 14,68,200.00 | 133 |
| വിധവാപെൻഷൻ | 45,86,400.00 | 419 |
| വാർദ്ധക്യകാല പെൻഷൻ | 1,42,50,800.00 | 1325 |
| വികലാംഗപെൻഷൻ | 15,46,800.00 | 109 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 3,30,600.00 | 30 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2024 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹664/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള 21 ഓളം ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ആരക്കുഴ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനാ ഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | ആരക്കുഴ |
| വാർഡുകൾ | 13 |
| ജനസംഖ്യ | 15404 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 3823 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 244 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 23 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണം | 3047 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 163 |

**ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വലിയ മാറ്റമാണ് വരുത്തിയിട്ടുള്ളത്. 23 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതികവിദ്യയുടെ വിന്യാസം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. യൂസർഫീ കാർഡ് മുഖേന വീടുകളിൽനിന്നും 50/- രൂപ, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി**

ഹരിത കർമ്മസേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തിവരുന്നു. മാലിന്യങ്ങൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 26 മിനി എംസിഎഫുകളിലേക്ക് എത്തിക്കുകയും അവിടെ നിന്നും പണ്ടപ്പിള്ളി മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള മെയിൻ എംസിഎഫിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫുകളിൽ നിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

പണ്ടപ്പള്ളി മാർക്കറ്റിലാണ് എംസിഫ് സ്ഥാപിച്ചിരിക്കുന്നത്. എംസിഎഫിന് 1800 സ്ക്വയർഫീറ്റ് വലിപ്പമുണ്ട്. ഇതിൽ 80% വരുന്ന ഏരിയ സ്റ്റോറേജായും 20% ഏരിയ സോർട്ടിംഗിനായും ഉപയോഗിച്ചുവരുന്നു. കൂടാതെ ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ഉറവിടത്തിൽ നിന്നുതന്നെ 30% മാലിന്യങ്ങൾ സെഗ്രഗേഷൻ നടത്തിയാണ് എം.സി.എഫിൽ എത്തിക്കുന്നത്. വെയിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫിൽ ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് സ്വന്തം വാഹനമാണ് ഉപയോഗിക്കുന്നത്.

**ശുചിത്വ മാനദണ്ഡങ്ങൾ**

മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിടാതെ സ്റ്റോറേജ് ഏരിയയിൽ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മാലിന്യം തിരയുന്നതിനായി സേനാംഗങ്ങൾക്ക് ഗംബൂട്ട്, രണ്ട് തരം ഗ്ലൗസുകൾ, മാസ്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ, ഹാൻ്റ് വാഷ്, പ്രഥമശുശ്രൂഷ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

**മാലിന്യ ശേഖരണ കലണ്ടർ**

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പോളി എത്തിലീൻ, പ്രിന്റിംഗ് ഷീറ്റ് | എല്ലാമാസവും |
| ഇ-വേസ്റ്റ് | മാർച്ച്, സെപ്റ്റംബർ, ഡിസംബർ |
| തുണി മാലിന്യം | ഏപ്രിൽ, സെപ്റ്റംബർ |
| ചെരുപ്പ്, ബാഗ് തുടങ്ങിയവ | ഏപ്രിൽ, ഒക്ടോബർ |
| കുപ്പി, കുപ്പിചില്ല്, കണ്ണാടി | ഫെബ്രുവരി, ആഗസ്റ്റ് |
| മരുന്ന് സ്ട്രിപ്പുകൾ | മാർച്ച്, സെപ്റ്റംബർ, ഡിസംബർ |

**മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ**

മാലിന്യ ശേഖരണത്തിനുള്ള കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാണ്. ഹരിതമിത്രം ആപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിപ്പിക്കൽ 93% പൂർത്തീകരിച്ചിട്ടുണ്ട്. മാസത്തിൽ 10 മുതൽ 25 വരെയുള്ള ദിവസങ്ങളിലാണ് വീടുകളിലെയും സ്ഥാപനങ്ങളിലെയും കളക്ഷൻ നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ 1 ലോഡിനടുത്ത് പ്ലാസ്റ്റിക്ക് മാലിന്യവും കുറച്ച് ലെഗസി മാലിന്യവും മെയിൻ എം.സി.എഫിൽ അവശേഷിക്കുന്നു.

**യൂസർഫീ വിവരങ്ങൾ**

2023-24 വർഷം 32.40 ടൺ മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് 25.80 ടൺ തരം തിരിച്ച മാലിന്യവും 6.60 ടൺ ലെഗസി വേസ്റ്റും കൈമാറുകയും ചെയ്തതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ ₹12,67,635/-യും ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ₹24,000/-യും ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് ₹1,16,357/- നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും, കുട്ടികളുടെ ഹരിതസഭ, വ്യാപാരി വ്യവസായികളുടെ മീറ്റിങ്ങ്, കുടുംബശ്രീ മീറ്റിങ്ങ് എന്നിവയിലൂടെ ജനപങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

2023-24 സാമ്പത്തിക വർഷത്തിൽ 5520 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. യൂസർ ഫീ ആയി ലഭ്യമാകുന്ന വാർഡ് അടിസ്ഥാനത്തിലുള്ള തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയും, പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുകയും ചെയ്യുവരുന്നു. ശരാശരി ₹7,332.61/-യ്ക്ക് മുകളിൽ ഉള്ള തുക അംഗങ്ങൾക്ക് പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്.

**ഹരിതകർമ്മസേന റിവ്യൂ മീറ്റിംഗ്**

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ ഉൾപ്പെടുന്ന സംഘം എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. മാലിന്യ നിർമാർജ്ജന സ്ക്വാഡ് പ്രവർത്തനങ്ങൾ, യൂസർ ഫീ കളക്ഷൻ അവലോകനം, ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ എന്നീ കാര്യങ്ങൾ റിവ്യൂ മീറ്റിംഗിൽ ഉൾപ്പെടുത്തിവരുന്നു.

**പാരിസ്ഥിതിക ആഘാതം**

പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി ഫോൺ/വാട്ട്സ്ആപ്പ് മുഖാന്തിരം പരാതി ലഭിച്ചതിനെ തുടർന്ന് വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തി ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഇനത്തിൽ ₹24,000/- ഈടാക്കുകയും, ടി വ്യക്തികൾ/സ്ഥാപനങ്ങൾക്ക് കർശന താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

**പരിശീലനവും വികസനവും**

മാലിന്യമുക്ത നവകേരളം മൂന്നാംഘട്ട പ്രവർത്തനം പഞ്ചായത്തുതല ശില്പശാല ഒക്ടോബർ 2023 ന് നടത്തി. ഹരിതമിത്രം ആപ്പ് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവുമുള്ള റിവ്യൂ മീറ്റിംഗിൽ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യകാര്യങ്ങളിലുള്ള ബോധവൽകരണവും നടത്തിവരുന്നു.

**പൊതു നിർദ്ദേശങ്ങൾ**

1. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

3. പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം തുണികൊണ്ടുള്ള ക്യാരിബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

**1-11 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൺവെൻഷൻ സെന്ററിന് വസ്തുനികുതി ഈടാക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൺവെൻഷൻ സെന്ററിന് സമയബന്ധിതമായി നികുതി നിർണ്ണയം നടത്തി വസ്തുനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. കെട്ടിടത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഉടമയുടെ പേര് | ദീപു ജേക്കബ് &അനു ദീപു (കരിവട്ടേപ്പുന്നമറ്റത്തിൽ, പണ്ടപ്പിള്ളി) |
| പെർമിറ്റ് നമ്പർ/തീയതി | A2-BA(250327)/2018 / 08.08.2018 |
| കെട്ടിടം നിർമിക്കുന്നതിനായി പെർമിറ്റ് നൽകിയിട്ടുള്ള ആകെ വിസ്തീർണ്ണം | 1,457 ച.മീ. |
| കെട്ടിടം നിർമിതിയുടെ ഗണം | ഗ്രൂപ്പ് ഡി |
| ഈടാക്കിയ ആകെ ഫീസ്/ രസീത് നമ്പർ /തീയതി | ₹7,285<br>118010101315 / 23.10.2018 |

കെട്ടിടം നിർമ്മാണം 25.12.2023 ൽ പണിപൂർത്തീകരിച്ചതായി അറിയിച്ച് കെട്ടിട ഉടമ അപ്പെൻഡിക്സ് ഇ1 (കെ.പി.ബി.ആർ. റൂൾസ് 17(5)(ഇ), 20(1)&88(1)) ൽ 31.12.2020 ൽ സാക്ഷ്യപത്രം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത കെട്ടിടം പരിശോധ നടത്തുകയും 30.05.2022 ൽ സെക്രട്ടറിക്ക് സമർപ്പിച്ച പരിശോധന റിപ്പോർട്ടിൽ കെ.പി.ബി.ആർ. 2011 റൂൾ 103 പ്രകാരം ഗണം ഡി യിൽ ഉൾപ്പെട്ടിട്ടുള്ള ടി കെടിടത്തിന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയതിൻ പ്രകാരമുള്ള സൗരോർജ്ജ ജലതാപന സംവിധാനമോ സൗരോർജ്ജ പ്രകാശന സംവിധാനമോ സജ്ജീകരിക്കേണ്ടാതാണെന്ന് കാണിച്ച് റിപ്പോർട്ട് നൽകി. എന്നാൽ സീനിയർ ടൗൺ പ്ലാനറുടെ 30.04.2021 ലെ നടപടി ഉത്തരവ് (നം. റ്റി.സി.പി.ഇ.കെ.എം./370/2021-സി.ഡി. ഡിസ്. പ്രകാരം ആറ് നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ 2019 ചട്ടം 30 പ്രകാരം സെക്രട്ടറിക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് വിവരിക്കുന്നു. പ്രസ്തുത നിബന്ധനകളിൽ ആറാമത് നിബന്ധനയായി പെർമിറ്റിൽ കൂടുതലായി നിർമ്മിച്ച കെട്ടിട ഭാഗത്തിന് കെ.പി.ബി.ആർ. 2019 ചട്ടം 92 പ്രകാരമുള്ള കോമ്പോണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിക്കേണ്ടതാണെന്നും അറിയിച്ചു. എന്നാൽ സൗരോർജ്ജ ജലതാപന, പ്രകാശന സംവിധാനങ്ങൾ സജ്ജികരിക്കേണ്ടതാണെന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 23.07.2021 ൽ സെക്രട്ടറി എ2-803/2021 നമ്പർ കത്ത് മുഖാന്തിരം അപേക്ഷകന് അറിയിപ്പ് നൽകി. എന്നാൽ കെട്ടിട ഉടമ 20.07.2022 ൽ ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യു പി(സി) 24134/2022 കേസ് നൽകി. പ്രസ്തുത കേസിൽ ബഹു.കേരള ഹൈക്കോടതി 02.08.2022 തീയതിയിൽ നം. ഡബ്ല്യു പി(സി) 23745/2022 ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. കെട്ടിടത്തിന് പ്രോവിഷണൽ നമ്പർ നൽകണമെന്നും കെട്ടിട ഉടമ നിയമങ്ങൾ

പലിക്കാൻ ബാധ്യസ്ഥനാണെന്നും പ്രസ്തുത വിധി പ്രസ്താവത്തിൽ ബഹു.കേരള ഹൈക്കോടതി നിർദ്ദേശിച്ചു. ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 9-ാം വാർഡിലുള്ള പ്രസ്തുത കെട്ടിടത്തിന് 273/ബി എന്ന് യു.എ (Un Authorised ) നമ്പർ നൽകി. ഇതുപ്രകാരം 24.08.2022 തീയതിയിൽ 2839.8 ച.മീ. തറ വിസ്തീർണത്തിലുള്ള കെട്ടിടത്തിന് ₹90/-(30X3) നിരക്കിൽ നികുതി ₹7,71,547/- നികുതി നിർണ്ണയം നടത്തുകയും നികുതി അടവാക്കാനായി നോട്ടീസ് (നം. 803/2021) നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത കത്തിന് അപേക്ഷകൻ നൽകിയ മറുപടിയിൽ ₹7,71,547/- യുടെ വിശദ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്ത് മറുപടി നൽകിയില്ല. കൂടാതെ സഞ്ചയ സോഫ്റ്റ് വെയറിൽ നിയമാനുസൃതമല്ലാത്ത കെട്ടിടമായി 273/ബി എന്ന നമ്പർ നൽകി വിവരങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും സെക്രട്ടറി ആയത് അപ്രൂവ് ചെയ്ത് ഡിമാന്റ് നൽകാതെ ഫയൽ മടക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ടി കെട്ടിടത്തിന്റെ കുടിശ്ശിക തുക വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ ഡി.സി.ബി. സ്റ്റേറ്റ്മെന്റിലോ വാർഷിക ധനകാര്യപത്രികയിലോ രേഖപ്പെടുത്തലുകൾ വന്നിട്ടില്ലാത്തതാണ്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് നൽകിയ പെർമിറ്റ് പ്രകാരം 1457 ച.മീ. വിസ്തീർണ്ണത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനായാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം 3,315.86 ച.മീ. നിർമ്മാണം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ അനധികൃത നിർമ്മാണം നടത്തിയ കെട്ടിട ഭാഗം (1858.86 ച.മീ. (3,315.86-1457)) ക്രമവൽകരിക്കുന്നതിന് നാളിതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടുമില്ലാത്തതാണ്. ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യു പി(സി) 33530/2022 പ്രകാരം 10.01.2023 തീയതിയിൽ രണ്ട് മാസത്തേക്കും, ആയതിന് ശേഷം 13.03.2023 തീയതിയിൽ നാല് മാസത്തേക്കും കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുന്നതിനായി സമയം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ അപാകങ്ങൾ വിവരിച്ച് 11.12.2024 ൽ നൽകിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

25.12.2023 ൽ പണിപൂർത്തീകരിച്ച പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച്ച സംഭവിച്ചിട്ടുള്ളതായും നികുതി, നികുതിയേതര വരവിനത്തിൽ വൻതുകകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാകാനുണ്ടെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ബഹു.കേരള ഹൈക്കോടതി ഉത്തരവുകൾ മാനിച്ചും കേരള പഞ്ചായത്ത് നിയമങ്ങൾക്ക് അനുസൃതമായും ഗ്രാമപഞ്ചായത്തിന് പ്രസ്തുത കെട്ടിടവുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ട നികുതി, നികുതിയേതര വരവ് തുകകൾ കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 വാടക വരവ് - ആധികാരികമല്ലാതെ ജേർണൽ കറക്ഷൻ എൻട്രികൾ നടത്തുന്നു

ഡെപ്പോസിറ്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് ബി 7 എന്നിവയിലെ വിവര പ്രകാരം 2022-23 വർഷം വാടകയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ₹23,333/- യാണുണ്ടായിരുന്നത്. കൂടാതെ 2022-23 ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂളിൽ കുടിശ്ശികയായി ₹4,400/- യും രേഖപ്പെടുത്തിയിരിക്കുന്നു. തൻവർഷം ജേർണൽ വൗച്ചർ അഡ്ജസ്റ്റ്മെന്റിലൂടെ (വൗച്ചർ നമ്പർ 42301080/തീയതി 31.03.2024) വാടകയുടെ കുടിശ്ശിക തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും ക്രമീകരിച്ചിരിക്കുന്നു. എന്നാൽ ₹4,400/- സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആരിൽ നിന്നാണ് ലഭ്യമായിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ജേർണൽ കറക്ഷൻ നടത്തിയതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ കമ്മറ്റി തീരുമാനങ്ങൾ എടുക്കുകയോ, ജേർണൽ വൗച്ചർ അഡ്ജസ്റ്റ്മെന്റ് നടത്തുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് വിവരിക്കുന്ന രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആധികാരികമല്ലാതെ ജേർണൽ കറക്ഷൻ എൻട്രികൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകളോ അനുമതിയോ ലഭ്യമാക്കാതെ ₹4,400/- വാടക കുടിശ്ശികയിനത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും ക്രമീകരിച്ചത് ശരിയായ നടപടിയല്ല. ആയത് പരിഹരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി- ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയിട്ടുള്ളതിന്റെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാമ പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഡി.സി.ബി. വിവരങ്ങൾ പ്രകാരം തൻവർഷം വസ്തുനികുതിയിനത്തിൽ ആകെ ₹21905/- യാണ് ജേർണൽ അഡ്ജസ്റ്റ്മെന്റ് പ്രകാരം ക്രമീകരിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ ഡി.സി.ബി. വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഇനം | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|
| റെസിഡൻഷ്യൽ | 13962 | 863 | 14825 |
| നോൺ-റെസിഡൻഷ്യൽ | 6726 | 354 | 7080 |

2022-23 വാർഷിക ധനകാര്യ പത്രിക ബി 9 ഷെഡ്യൂൾ രേഖപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരം റെസിഡൻഷ്യൽ വസ്തു നികുതി അഡ്വാൻസായി ₹10310/- യും നോൺ-റെസിഡൻഷ്യൽ അഡ്വാൻസായി ₹16282/- യും നിലനിൽക്കുന്നു. തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ആർപി 35 പ്രകാരം വസ്തു നികുതി അഡ്വാൻസായി ലഭ്യമായിട്ടുള്ളത് റെസിഡൻഷ്യൽ ഇനത്തിൽ ₹53/- യും നോൺ-റെസിഡൻഷ്യൽ ഇനത്തിൽ ₹1344/- മാണ്. കൂടാതെ തൻവർഷ വസ്തു നികുതി അഡ്വാൻസ് നീക്കിയിരിപ്പായി 2023-24 വാർഷിക ധനകാര്യ പത്രികയിലെ ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത് റെസിഡൻഷ്യൽ ഇനത്തിൽ ₹11654/- യും നോൺ-റെസിഡൻഷ്യൽ ഇനത്തിൽ ₹16335/- യുമാണ്. മേൽ പട്ടികയിലെ ജേർണൽ അഡ്ജസ്റ്റ്മെന്റ് വിവര പ്രകാരം ടി തുകകളുടെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. എപ്രകാരമാണ് ജേർണൽ അഡ്ജസ്റ്റ്മെന്റ് നടത്തിയിട്ടുള്ളതെന്നും, തുകകളുടെ പൊരുത്തക്കേട് വന്നിട്ടുള്ളതിനും വിശദീകരണം/വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 12.12.2024 ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലാ എന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-14 ഞങ്ങളും കൃഷിയിലേക്ക് - വനിതകൾക്ക് അടുക്കളത്തോട്ടം പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 80/24 |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേക്ക് - വനിതകൾക്ക് അടുക്കളത്തോട്ടം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | ₹410500/-<br>(വികസന ഫണ്ട്-₹308000/-<br>ഗുണഭോക്തൃ വിഹിതം –₹102500/-) |
| ചെലവ് | ₹307500/- |
| ബിൽ നമ്പർ | 1) 2120252097800865668 – ₹34500/-<br>2) 23120252097800865660 – ₹75000/-<br>3) 23120252097800865637 – ₹99000/-<br>4) 23120252097800846244 -₹99000/- |

ഗ്രാമപഞ്ചായത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 205 വീടുകളിൽ, പോട്ട്, പോട്ടിംഗ് മിക്സ്ചർ, പച്ചക്കറി തൈ ഉൾപ്പടെ വിതരണം ചെയ്യുന്നതിനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഒരു യൂണിറ്റിന് 200/- രൂപ നിരക്കിൽ കർഷക കർമ്മസേനയാണ് 205 ഗുണഭോക്താക്കൾക്ക് പോട്ട്, പോട്ടിംഗ് മിശ്രിതം, തൈ ഉൾപ്പടെ ഒരു ഗുണഭോക്താവിന് 10 യൂണിറ്റ് വീതം വിതരണം ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 205*2000(200*10=₹2000/-) = ₹4,10,000/-യാണ് ആകെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ 75% സബ്സിഡിയും 25% ഗുണഭോക്തൃവിഹിതവുണ്. ആയതിനാൽ ₹3,07,500/- സബ്സിഡി തുകയും, ₹1,02,500/- ഗുണഭോക്തൃവിഹിതവുമാണ്.
എറണാകുളം ജില്ലാതലത്തിൽ, 10-12” ഡയമീറ്റർ, 5mm കനമുള്ള, 450 Gm പോട്ടിംഗ് മിശ്രിതം, തൈയുടെ വില, ട്രാൻപോർട്ടേഷൻ ചാർജ്ജ് എന്നിവ ഉൾപ്പടെ 180-200 രൂപയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പോട്ടിംഗ് മിശ്രിതത്തിൻെറ പ്രസ്തുത അളവ്/തൂക്ക വിവരങ്ങളൊന്നും ഫയലിലെ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പോട്ടിംഗ് മിശ്രിതത്തിൻെറ അളവും/തൂക്കവും/കനവും ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2) ചെറുകിട നാമ മാത്ര കർഷകർക്കാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് . എന്നാൽ ഭൂരിഭാഗം ഗുണഭോക്താക്കളും ( ഉദ- ഗുണഭോക്തൃ പട്ടിക യിലെ ക്രമ നം - 3,5,7,8,9,10,14,15....) ഭൂമിക്കരം തീർത്ത രസീത് അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ ഭൂവിസ്ത്രിതി പരിശോധിച്ച് നാമമാത്ര കർഷകരുടെ മാനദണ്ഡം പാലിച്ചട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. പ്രസ്തുത അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്(14/12.12.2024) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിൽ അതീവ സൂക്ഷ്മത ഉറപ്പ് വരുത്തണമെന്നും, പദ്ധതി മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്നും, അനർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്നും ഉറപ്പ് വരുത്തി പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-15 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 107/24, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹159835/- , വികസന ഫണ്ട്- എസ്.സി.പി |
| ചെലവ് | ₹159101/- , വികസന ഫണ്ട്- എസ്.സി.പി |
| ബി.ആർ.എൻ/ തീയതി/ തുക | 22120252002701570611/ 30.03.2024 / ₹1,59,101/- |

ഡിപ്ലോമ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന മേൽ പദ്ധതി പ്രകാരം 9 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ജി.ഒ(എ) നം. 7/19 എസ് പി ഡി തീയതി. 26.04.19 പ്രകാരം ₹25000/- യ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GEM മുഖേന സമാഹരിക്കേണ്ടതാണ്. എന്നാൽ ലാപ്-ടോപ്പ് കെൽട്രോണിൽ നിന്നും ₹37274/- (ഡെലിവറി ചല്ലാൻ – 02600/ITP/ 2023-24/06.06.23) നിരക്കിൽ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. പഞ്ചായത്തിലെ മറ്റൊരു പദ്ധതിയായ 13/2024, എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നിർവ്വഹണ പദ്ധതിക്കായി GEMൽ നിന്നും ഇതേ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പ് ₹35634.74 നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. അപ്രകാരം ₹1620.26 ഒരു ലാപ്ടോപ്പിന് അധികമായി നൽകിയിട്ടുണ്ടെന്ന് കാണുന്നു. ആയതിന്റെ വിശദീകരണത്തിനായി നൽകിയ അന്വേഷണക്കുറുപ്പിന് (നമ്പർ 01/07.12.2024) ലഭ്യമാക്കിയ മറുപടിയിൽ സി.പി.ആർ.സി.എസ്, GEM എന്നിവയിൽ പ്രസ്തുത സ്പെസിഫിക്കേഷനിൽ ഉള്ള ലാപ്ടോപ്പ് ലഭ്യമായിരുന്നില്ല എന്നും, കെൽട്രോൺ ലാപ്ടോപ്പ് നൽകാമെന്ന് അറിയിച്ച് കത്ത് നൽകിയത് ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുകയുമാണുണ്ടായതെന്ന് വിവരിക്കുന്നു. ഭാവിയിൽ സർക്കാർ നിർദ്ദേശം പ്രകാരം പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-16 ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രോഗ്രാം ലാപ്ടോപ്പ് വാങ്ങൽ- അപാകത**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 111/24,<br>ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രോഗ്രാം- ലാപ്ടോപ്പ് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - സി.എച്ച് .സി |
| അടങ്കൽ | ₹1,35,000/-, ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹1,35,000/-, ഹെൽത്ത് ഗ്രാന്റ് |
| | |

| | |
|---|---|
| വൗച്ചർ നം, തീയതി/ തുക | 102/ 21.03.2024 /₹1,35,000/- |

ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങിയ പ്രസ്തുത പദ്ധതിയിൽ കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്ന്, ₹1,25,050/- ചെലവഴിച്ച് ഉയർന്ന സ്പെസിഫിക്കേഷനിൽ 2 ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. ഇതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ആയതിന്റെ ആവശ്യകത സംബന്ധിച്ച് വിശദീകരണം ഫയലിൽ ലഭ്യമല്ല.
2. ഫയലിൽ പ്രസ്തുത വാങ്ങലിന്റെ, പ്രോഫോർമ ഇൻവോയ്സ് മാത്രമാണ് ഉള്ളത്, ടാക്സ് ഇൻവോയ്സ് ലഭ്യമല്ല.
3. GEM മുഖേനയാണ് സർക്കാർ സ്ഥാപനങ്ങൾ വാങ്ങൽ നടത്തേണ്ടത് എന്ന സർക്കാർ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് കെൽട്രോണിൽ നിന്നുമാണ് ലാപ്ടോപ്പ് വാങ്ങിയിരിക്കുന്നത്.

മേൽ അപകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.07/ 11.12.2024) മറുപടിയായി സബ്സെന്ററുകളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയാണ് ലാപ്ടോപ്പ് വാങ്ങിയതെന്നും, സർക്കാർ കമ്പ്യൂട്ടർ അനുബന്ധ ഉത്പന്നങ്ങൾ വാങ്ങാൻ Cprcs.Kerala.Gov.In എന്ന സൈറ്റ് ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിനാലാണ് കെൽട്രോണിൽ നിന്ന് വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമത്തിന്റെ പൂർത്തീകരണ ഘട്ടത്തിൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കാൻ നിർദ്ദേശമുണ്ട് എങ്കിലും, ആയത് ഫയലിൽ ലഭ്യമല്ല. ടാക്സ് ഇൻവോയ്സ് എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 പഞ്ചായത്തിൽ നടപ്പിലാക്കിയ വാർഡ് ശുചീകരണ പ്രവർത്തനങ്ങളുടെ ധനവിനിയോഗ അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ വാർഡ് ശുചീകരണ പ്രവർത്തനങ്ങൾ 13 വാർഡുകളിലേയും, വാർഡ്തല കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് ₹10,000/- വീതം നൽകിയിട്ടുണ്ട്. ഇതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | വരവ് തുക & തീയതി | ബാങ്കിൽ നിന്ന് പിൻവലിച്ച തുക & തീയതി | അപാകത |
|---|---|---|---|
| 1 | ₹5000 – 12.06.2023<br>₹5000 - 13.06.2023 | ₹5000 –4.08.2023 | മസ്റ്റർ റോൾ, അനുബന്ധ ചെലവ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | ₹5000 – 12.06.2023<br>₹5000 - 13.06.2023 | ₹5000 – 29.07.2023 | മസ്റ്റർ റോൾ, അനുബന്ധ ചെലവ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | ₹5000 – 12.06.2023<br>₹5000 - 13.06.2023 | ₹5000 - 26.06.2023 | മസ്റ്റർ റോൾ, അനുബന്ധ ചെലവ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | ₹5000 – 12.06.2023<br>₹5000- 13.06.2023 | ₹5000 - 14.06.2023<br>₹5000 - 23.02.2024 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തിയ പ്രസ്തുത തുകകൾ, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.<br>കൂടാതെ ചെലവ് രേഖകൾ (മസ്റ്റർ റോൾ) ഒന്നും<br>തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 5 | രജിസ്റ്റർ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | | |
| 6 | ₹5000 – 12.06.2023<br>₹5000- 13.06.2023 | ₹5000 - 15.06.2023<br>₹5000 – 26.06.2023 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തിയ പ്രസ്തുത തുകകൾ, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 7 | ₹5000 – 12.06.2023<br>₹5000 - 13.06.2023 | ₹5000 - 26.06.2023<br>₹5000 - 27.02.2024 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തിയ പ്രസ്തുത തുകകൾ (₹5000/- - 13.06.2023, ₹5000/- 27.02.2024), ക്യാഷ് ബുക്കിൽ, രേഖപ്പെടുത്തിയിട്ടില്ല.<br>22.03.2023 തീയതി മുതൽ 16.05.2024 തീയതി വരെ വാർഡ്തല യോഗം ചേർന്നിട്ടില്ല. |
| 8 | ₹5000 – 12.06.2023<br>₹5000- 13.06.2023 | ₹5000 - 15.06.2023<br>₹5000 - 23.02.2024 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തിയ പ്രസ്തുത തുകകൾ, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.<br>മസ്റ്റർ റോൾ, അനുബന്ധ ചെലവ് വിവരങ്ങൾ<br>പരിശോധനക്ക്<br>ലഭ്യമാക്കിയിട്ടില്ല. |
| 9 | രജിസ്റ്റർ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | | |
| 10 | ₹5000 – 12.06.2023<br>₹5000- 13.06.2023 | ₹5000 - 15.06.2023<br>₹3500 - 03.01.2024<br>₹1500 - 19.02.2024 | ₹5000/- ചെലവ് രേഖ, മസ്റ്റർ റോൾ എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 11 | ₹5000 – 12.06.2023<br>₹5000- 13.06.2023 | ₹5000 - 15.06.2023<br>₹3000 - 19.07.2023<br>₹2000 - 19.02.2024 | ₹4500/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 12 | ₹5000 – 12.06.2023<br>₹5000 - 13.06.2023 | ₹5000 - 29.07.2023<br>₹5000 - 30.03.2024 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തിയ പ്രസ്തുത തുകകൾ, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ചെലവ് രേഖകൾ (മസ്റ്റർ റോൾ) ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 13 | ₹5000 – 12.06.2023<br>₹5000- 13.06.2023 | ₹5000 – 26.06.2023<br>₹5000 - 21.05.2024 | ₹5000/- മാത്രമാണ് 23-24 സാമ്പത്തിക വർഷത്തിൽ പിൻവലിച്ചിട്ടുള്ളത്. ചെലവ് രേഖകൾ, മസ്റ്റർ റോൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. |

മേൽ സൂചിപ്പിച്ച അപാകതകളിൽ വിശദീകരണം ലഭ്യമാക്കാൻ താൽപര്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്(നം.06/11.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ശുചീകരണ പ്രവർത്തനങ്ങളിലെ ചെലവുകൾക്ക് കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. പണമിടപാട് കൃത്യമായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. പണം ആവശ്യമുള്ള പക്ഷം മാത്രം വാർഡ്തല ശുചീകരണ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് പണം കൈമാറേണ്ടതാണ്. വാർഡ്തല ശുചീകരണ കമ്മിറ്റിയുടെ അക്കൗണ്ടിൽ മുൻകൂറായി പണം നിക്ഷേപിച്ച് 6-8 മാസം വരെ പണം ചെലവഴിക്കാതെ സൂക്ഷിച്ച് വെക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-18 മാറാടി പെരിങ്ങഴ റോഡിൽ ഡ്രൈനേജ് നിർമ്മാണം-അധിക തുക നൽകി

മാറാടി പെരിങ്ങഴ റോഡിൽ ഡ്രൈനേജ് നിർമ്മാണം എന്ന പദ്ധതിയിൽ എസ്റ്റിമേറ്റ് പ്രകാരം 11.4.2.1 ഇനമായി 134.20 നീളത്തിലും 20cm വീതിയിലും 65cm ഉയരത്തിലും ഡ്രൈൻ വാൾ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാൽ എം.ബുക്ക് പരിശോധിച്ചതിൽ ഇരുവശവും 81.55 നീളത്തിൽ മാത്രമാണ് പ്രവൃത്തി ചെയ്തത്. എന്നാൽ ഇടത് വശത്ത് ഡ്രൈൻ വാൾ 79.2 മീറ്റർ അധികം നിർമ്മിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദ വിവരം ഭാഗം-3 ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 മൃഗാശുപത്രി മെയിന്റനൻസ്-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 103/24 മൃഗാശുപത്രി മെയിന്റനൻസ് |
| അടങ്കൽ | 901382/-(മെയിന്റനൻസ് ഗ്രാന്റ് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവ് വിവരം | ₹618202/-<br>( 1) ₹457105/-ആർ.ബി.ഐ 2172317045207/04.08.2023<br>2) ₹161097/-ആർ.ബി.ഐ 0862459954016/23.03.2024) |
| കരാറുകാരൻ | അബ്ദുൾ ഷമീർ |

2022-23 സാമ്പത്തിക വർഷം ₹13,50,000/-എസ്റ്റിമേറ്റ് തയ്യാറാക്കി തുടങ്ങിയ പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന് പെയിന്റിംഗ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ഇനം -30 ആയി ചെയ്ത പ്രവൃത്തി (14.53.1 One Or More Coats On Old Work Wall Painting With Plastic Emulsion Paint) 567.267 എം2 ചെയ്തിട്ടുണ്ട്. ഇത് എം ബുക്കിൽ പേജ്-21 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് തൊട്ട് താഴെയായി ഇനം-31 ആയി (13.60.1 One Or More Coats On New Work Wall Painting With Plastic Emulsion Paint )-89.477 എം2 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആതായത് ആകെ ചെയ്ത പ്രവൃത്തിയിൽ നിന്നും പുതുതായി പണി കഴിഞ്ഞ കെട്ടിടത്തിന്റെ അളവ് കുറവ് ചെയ്തതായിട്ടാണ് എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബിൽ തയ്യാറാക്കി തുക അനുവദിച്ചതിൽ മേൽ ചേർത്ത -89.477 എം2 ന്റെ തുക കുറവ് വരുത്തിയതായി കാണുന്നില്ല. എന്തുകൊണ്ടാണ് എം.ബുക്കിൽ കുറവ് വരുത്തേണ്ടതായി കാണിച്ചിട്ട് ബിൽ മാറി നൽകിയപ്പോൾ കുറവ് വരുത്താതിരുന്നത് എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/07.12.24)മറുപടി ലഭ്യമാക്കിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| അനുവദിച്ച തുക(₹) | അനുവദിക്കേണ്ട തുക(₹) | അധികം നൽകിയത്(₹) |
|---|---|---|
| 567.267x80.39=45602.594 | 477.79*X 80.39=38409.54 (*567.267-89.477=477.79) | 7193 |

മേൽ ₹7193/- അധികം നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം എം.ബുക്കിൽ ഇപ്രകാരം രേഖപ്പെടുത്തിയതിന് വ്യക്തമായ കാരണം ലഭ്യമാക്കേണ്ടതാണ്. ₹7193/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 സമഗ്രശിക്ഷ കേരള വിഹിതം നൽകൽ - വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം. | S0030/24 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.കെ വിഹിതം അടവാക്കൽ |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട്-ജനറൽ) |

| | |
|---|---|
| ചെലവ്, വൗച്ചർനം / തീയതി | 5,00,000/-, 42300921/27.09.23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ് |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തു വിഹിതമായ ₹5,00,000/- എസ്.എസ്.കെ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.84/22/തസ്വഭവ., തീ.19.01.2022 പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതായ രേഖകളൊന്നും ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക എസ്.എസ്.കെക്ക് കൈമാറിയിട്ടുള്ളത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുള്ള വിശദമായ വിനിയോഗ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/07.12.24) വിശദമായ വിനിയോഗവിവരത്തിനായി എസ്.എസ്.കെക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-21 ഭിന്നശേഷി സ്കോളർഷിപ്പ് തുക - ഗുണഭോക്താവിന് ലഭ്യമായില്ല**.

| | |
|---|---|
| പ്രോജക്ട് നം | S0073/24 |
| പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകൽ |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ആകെ – ₹7,18,800/-<br>₹4,31,280/-(വികസന ഫണ്ട്)<br>₹2,15,640/-(ബ്ലോക്ക് വിഹിതം)<br>₹71,880/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് (ബിൽനം, തീയതി) | ആകെ – ₹6,42,960/-<br>1)₹2,10,660/- (2312025209970095609 8/19.12.24)B(വികസന ഫണ്ട്)<br>2)₹1,54,380/- (23120252099701488686/24.03.24)B(വികസനഫണ്ട്)<br>3)₹66,240/- (23120252099701534174/25.03.24)B(വികസന ഫണ്ട്)<br>4)₹1,05,330/- (23120252099700974913/22.12.23) (ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>5)₹45,510/- (23120252099701489029/24.03.24) (ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>6)₹42,840/- (23120252099701276145/26.02.24) (ജില്ലാപഞ്ചായത്ത് വിഹിതം)<br>7)₹18,000/- (23120252099701276186/26.02.24) (ജില്ലാപഞ്ചായത്ത് വിഹിതം) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പ്രോജക്ട് മുഖാന്തിരം ആനുകൂല്യം ലഭ്യമാകേണ്ട ഗുണഭോക്താക്കളിൽ ഒരാളായ രാമചന്ദ്രൻ എം. ബി, മാറ്റാപ്പിള്ളിൽ, പെരിങ്ങഴ എന്ന ഭിന്നശേഷി വിദ്യാർഥിക്ക് 2023-24 വർഷത്തെ സ്കോളർഷിപ്പ് തുക (₹12,000) ലഭ്യമായിട്ടില്ല. സാംഖ്യ സ്റ്റേറ്റ്മെന്റ് അനുസരിച്ച് വിദ്യാർഥിയുടെ അക്കൗണ്ട് സ്റ്റാറ്റസ് ഇപ്രകാരമാണ്.

| കുട്ടിയുടെ പേര്, അക്കൗണ്ട്.നം | ബിൽ റഫറൻസ് നമ്പർ | ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക | അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|
| അരുൺ വി.ആർ (MR) 67233719738 (SBIN0070543-SBI) | 23120252099701489029/24.03.24 | ₹7,200 | Return To Government A/C |
| | 23120252099701534174/25.03.24 | ₹2,600 | |
| | 23120252099701276145/26.02.24 | ₹1,200 | |
| | 23120252099701489029/24.03.24 | ₹1,000 | |
| ആകെ | | ₹12,000 | |

ഗുണഭോക്താവിന് സ്കോളർഷിപ്പ് തുക ലഭ്യമാകുന്നതിന് വിശദീകരണമാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (12/12.12.24) മറുപടിയായി അക്കൗണ്ട് ക്യാൻസൽ ആയതിനാലാണ് തുക ക്രെഡിറ്റാകാതിരുന്നതെന്നും ആയത് പരിഹരിച്ച് ഗുണഭോക്താവിന് സ്കോളർഷിപ്പ് തുക ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണെന്നും അറിയിച്ചു. ഗുണഭോക്താവിന് സ്കോളർഷിപ്പ് തുക ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മാറാടി പെരിങ്ങഴ റോഡിൽ ഡ്രൈനേജ് നിർമ്മാണം-അധിക തുക 59110/-നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 95/24 മാറാടി പെരിങ്ങഴ റോഡിൽ ഡ്രൈനേജ് നിർമ്മാണം |
| അടങ്കൽ | 495000/-(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവ് വിവരം | 460156/-(XVFC/23-24/P/24/30/03/2024) |
| കരാറുകാരൻ | വിബിൻ കെ .ജെ |

മാറാടി പെരിങ്ങഴ റോഡിൽ ഡ്രൈനേജ് നിർമ്മാണം എന്ന പദ്ധതിയിൽ എസ്റ്റിമേറ്റ് പ്രകാരം 11.4.2.1 സ്പെസിഫിക്കേഷൻ ഇനമായി 134.20cm നീളത്തിലും 20cm വീതിയിലും 65cm ഉയരത്തിലും ഡ്രൈൻ വാൾ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ എം.ബുക്ക് പരിശോധിച്ചതിൽ ഡ്രൈൻ വാൾ പ്രവൃത്തി ചെയ്യതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു .

| ക്രമനമ്പർ | ഡ്രൈൻ വാൾ നിർമ്മിച്ചതിന്റെ എണ്ണം | ഇടത് വശം ഡ്രൈൻ വാൾ നിർമ്മിച്ചതിന്റെ അളവ് | ആകെ അളവ് |
|---|---|---|---|
| 1 | 1 | 1.30x.20x(.49+.49)/2=.127 | .127 |
| 2 | 1 | 80x.20x(.49+.49)/2=7.84 | 7.84 |
| 3 | 1 | 10x.20x(.49+.45)/2=.94 | .94 |
| 4 | 1 | 5x.20x(.45+.58)/2=.515 | .515 |
| 5 | 1 | 10x.20x(.58+.60)/2=1.18 | 1.18 |
| 6 | 1 | 10x.20x(.60+.60)/2=1.20 | 1.20 |
| 7 | 1 | 10x.20x(.60+.60)/2=1.20 | 1.20 |
| 8 | 1 | 10x.20x(.60+.58)/2=1.18 | 1.18 |
| 9 | 1 | 3x.20x(.58+.60)/2=.354 | .354 |
| 10 | 1 | 3.8x.20x(.58+.58)/2=.441 | .441 |
| 11 | 1 | 5x.20x(.58+.60)/2=.59 | .59 |
| 12 | 1 | 20.50x.20x(.60+.85)/2=2.973 | 2.973 |
| | ആകെ | 168.60 M | 18.54 |

ഇ-എം.ബുക്ക് പരിശോധിച്ചതിൽ കാനയുടെ ഇടത് വശത്തെ ഭിത്തിയുടെ നീളം തെറ്റായി അളവ് രേഖപ്പെടുത്തിയതിനാൽ കരാറുകാരന് അധികം തുക നൽകാനിടയായി. ഇവിടെ കാനയുടെ വലത് വശത്തെ സൈഡ് ഭിത്തിയുടെ നീളം 81.55 മീറ്ററാണ്. മേൽ വിവരിച്ച പട്ടികയിൽ കാനയുടെ ഇടത് വശത്തെ നീളം 168.60 മീറ്ററാണ്. കാനയുടെ ഇരു വശങ്ങളും ഒരേ നീളത്തിലാണ് നിർമ്മിക്കേണ്ടത്. ഈ പ്രവൃത്തിയിൽ ഇടതുവശത്ത് കൂടുതൽ നീളത്തിൽ അളവ് രേഖപ്പെടുത്തി തുക നൽകിയിരിക്കുന്നു. ഇ – എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രമ നമ്പർ-2 ൽ ഇടത് വശം നീളം 80 സെ.മീ എന്ന് രേഖപ്പെടുത്തുന്നതിന് പകരം 80 മീറ്റർ എന്ന് രേഖപ്പെടുത്തിയത് മൂലമാണ് ഇപ്രകാരം തെറ്റ് സംഭവിച്ചത്. ഇതുമൂലമാണ് കരാറുകാരന് അധികം തുക നൽകാൻ ഇടയായത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/11-12-24) മറുപടി ലഭ്യമാക്കിയില്ല. തുക അധികം നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| എം ബുക്ക് പ്രകാരം കണക്കാക്കിയ അളവ് | കണക്കാക്കേണ്ടിയിരുന്ന യതാർത്ഥ അളവ് | അധിക അളവും തുകയും(₹) |
|---|---|---|
| 80x0.20x0.49=7.84 | 0.80x0.20x0.49=0.0784 | 7.76 |
| | | 7.76x7617.30=₹59110 |

അധികം നൽകിയ ₹59110/-കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-2024 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) 2023-24 | 2023-24 | 12,08,840 | 40/24 – ലൈഫ് ഭവനനിർമ്മാണം ജനറൽ | 8,00,000 | 0 |
| | | | | 50/24 – ഡയാലിസിസ് | 18,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | രോഗികൾക്ക് ധനസഹായം | | |
| | | | | 9/24 – ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,50,000 | 0 |
| | | | | 70/24 – നെൽകൃഷി വികസനം | 80,000 | 0 |
| | | | | 73/24 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 60,840 | 0 |
| | ആകെ | | 12,08,840 | | 12,08,840 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് (മൂവാറ്റുപുഴ ബ്ലോക്ക്) | 2023-24 | 16,39,840 | 73/24 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 1,50,840 | 0 |
| | | | | 40/24 – ലൈഫ് ഭവനനിർമ്മാണം ജനറൽ | 8,40,000 | 0 |
| | | | | 59/24 –ലൈഫ് ഭവനനിർമ്മാണം എസ്.സി. | 80,000 | 0 |
| | | | | 9/24 – ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 3,50,000 | 0 |
| | | | | 77/24 – തരിശ് നെൽകൃഷി വികസനം | 24,000 | 0 |
| | | | | 70/24 – നെൽകൃഷി വികസനം | 40,000 | 0 |
| | | | | 15/24 – എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,55,000 | 0 |
| | ആകെ | | 16,39,840 | | 16,39,840 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | ബാലൻസ് |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (കെയുആർഡിഎഫ്സി) | 1)ജി.ഒ. 4451/20/ധനം തീയതി 03.03.2020 (2)ജി.ഒ. 43/20/ധനം തീയതി 01.01.2021 (കെയുആർഡിഎഫ്സി) | 22,61,175 | 22,61,175 | 28,00,000 | 10,75,624 | 0 | 39,85,551 |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ. 196/23/ധനം തീയതി 22.01.24 | 17,60,000 | 17,60,000 | 0 | 0 | 0 | 17,60,000 |

എസ്ഒ 144/24, എസ്ഒ 145/24, എസ്ഒ 148/24, എസ്ഒ 149/24, എസ്ഒ 151/24, എസ്ഒ 152/24 എന്നീ ജി.ഒ. പ്രോജക്ടുകൾ പ്രകാരമാണ് വായ്പ തുക തിരിച്ചടച്ചത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | എസ്ഒ 145/24 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (എസ് സി പി) | 80,482 |
| 2 | എസ്ഒ 149/24 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (എസ് സി പി) | 80,482 |
| 3 | എസ്ഒ 152/24 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (എസ് സി പി) | 80,483 |
| 4 | എസ്ഒ 144/24 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (ജനറൽ) | 2,78,059 |
| 5 | എസ്ഒ 148/24 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (ജനറൽ) | 2,78,059 |
| 6 | എസ്ഒ 151/24 | ലൈഫ് മിഷൻ വായ്പ, മുതൽ തിരിച്ചടവ് (ജനറൽ) | 2,78,059 |
| | | ആകെ | 10,75,624 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ, തിയതി |
|---|---|---|---|---|
| 2021-22 | 1-19 | 1,58,819 | അസിസ്റ്റന്റ് എഞ്ചിനീയർ. എൽഐഡി & ഇഡബ്ല്യു സെക്ഷൻ | 1230200324/08.06.23 |
| 2022-23 | 1-18 | 6,646 | അസിസ്റ്റന്റ് എഞ്ചിനീയർ. എംജിഎൻആർഇജിഎ | 1230400084/11.08.24 |
| | | **₹1,65,465/-** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽ ലേലം ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചതുവഴി 39700/- പഞ്ചായത്തിനു നഷ്ടം | നിയമ സഭസമിതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി 2006-08-18-ാം റിപ്പോർട്ട് പേജ് 109 ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| 1997-98 | 33 | 2001-02 | 56 | പഠനോപകരണ വിതരണം ക്രമക്കേട് | |
| 1997-98 | 34 | 2001-02 | 371 | വീട് നന്നാക്കാൻ- അനധികൃത ചെലവ് | |
| 1997-98 | 48 | 2001-02 | 372 | ഉപാധി രഹിത ഫണ്ട്- റോഡ് ടാറിംഗ് ഫണ്ട് ദുർവിനിയോഗം | ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 1997-98 | 49 | 2001-02 | 376 | റോഡ് പണി – ക്രമക്കേടുകൾ | സർച്ചാർജ് നടപടി ജില്ലാ കോടതി തടഞ്ഞിട്ടുള്ളതാണ് |
| 1997-98 | 50 | 2001-02 | 387 | റോഡ് പണി – ക്രമക്കേടുകൾ | |
| 1997-98 | 51 | 2001-02 | 381 | റോഡ് പണി – ക്രമക്കേടുകൾ | |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം- അധികച്ചെലവ് | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,27,71,142 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,89,45,674 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹59,110 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7,193 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹59,110 | ശ്രീ. വിനോദ് കുമാർ പി.എം., അസിസ്റ്റന്റ് എഞ്ചിനിയർ |
| | ₹59,110 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 7,193 | ശ്രീ. വിനോദ് കുമാർ പി.എം., അസിസ്റ്റന്റ് എഞ്ചിനിയർ |
| | 7,193 | |

<u>(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
<u>ഇല്ല.</u>

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ. വിനോദ് കുമാർ പി.എം. അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ ആരക്കുഴ ഗ്രാമപഞ്ചായത്ത് | പെരുവീട്ടിൽ, കുത്തുകുഴി പി.ഒ. കോതമംഗലം |

## <u>4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/2010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 12-13, 13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 16-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |
| 17-18 | കെഎസ്എഇകെഎം(പി8)129/2019/18/03/2019 |
| 18-19 | കെഎസ്എഇകെഎം(പി8)128/2020/18/03/2019 |
| 19-20 | കെഎസ്എഇകെഎം(പി8)1290/2021/20/09/2021 |
| 20-21 | കെഎസ്എഇകെഎം(പി8) 1291/21/Dated 9/2/2022 |
| 21-22 | കെഎസ്എഇകെഎം(പി8) 255/22/Dated 14/04/2023 |
| 22-23 | കെ.എസ്.എ.-ഇ.കെ.എം.(പി.8)1331/2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 26-07-2024 and submitted on 29-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Arakkuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Arakkuzha Grama Panchayat as on 31-03-2024

**Date: 27/12/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Arakkuzha Grama Panchayat for the Year 2023-2024.**

**1.Major Observations**

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

**2.Other Observations**

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.
2. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
3. Property tax figures do not match with the annual financial statements and Sanchaya figures.
4. There is a difference of Rs.9,900/- in the expenditure of Development Fund (General) between Sulekha Statement and Annual Financial Statement.
5. There is no authentic document for the written off amount of rent.
6. Audit recovery amount has been accounted under current year income heads, instead of respective prior period income heads.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്